കണക്ഷൻ കൊടുക്കണമെന്ന് പറയുന്നുവോ ആ കണക്ഷനുകളായിരിക്കും വാട്ടർ അതോറിറ്റി കൊടുക്കുന്നത്. ഇത് പരിശോധിക്കുന്നതിനുവേണ്ടി മുനിസിപ്പൽ കമ്മീഷണർ ചെയർമാനായിട്ടും വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായിട്ടും മുനിസിപ്പൽ എഞ്ചിനീയർമാർ അംഗങ്ങളായിട്ടുമുള്ള ഒരു കമ്മിറ്റിയെ വച്ചിട്ടുണ്ട്. വെള്ളമുണ്ടോ എന്നായിരിക്കും അവർ പരിശോധിക്കുന്നത്. അവരായിരിക്കും ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത്. അല്ലാതെ വാട്ടർ അതോറിറ്റി ഒറ്റയ്ക്കായിരിക്കയില്ല. എവിടെയാണ് ലൈൻ എക്സ്റ്റൻഷൻ വേണ്ടത് എന്ന് മുനിസിപ്പാലിറ്റിയോ കോർപ്പറേഷനോ പഞ്ചായത്തോ പറയുന്ന സ്ഥലത്തായിരിക്കും ലൈൻ എക്സ്റ്റൻഷൻ വരുന്നത്. അവിടെയുള്ള എല്ലാ ആനുകൂല്യങ്ങളും നിലനിറുത്തിക്കൊണ്ടാണ് പോകുന്നത്. വെള്ളത്തിന്റെ കാര്യത്തിൽ ചാർജ് ഈടാക്കുന്ന ജോലി വാട്ടർ അതോറിറ്റിക്കുതന്നെയായിരിക്കും. അതുകൊണ്ട്, എനിക്ക് പറയാനുള്ളത് ഇപ്പോൾ സമരം നടക്കുന്നുണ്ട്. അതിൽ രണ്ട് മൂന്ന് വിഭാഗക്കാരുണ്ട്. ഒന്ന്, അദ്ധ്യേഹം പറഞ്ഞതുപോലെ സാമ്പത്തികഭാരം വർദ്ധിക്കുമെന്ന് ഭയന്ന് സമരം ചെയ്യുന്നവരുണ്ട്. പിന്നെ ഇത് ആത്മാർത്ഥമായി പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളാണ് നടത്തേണ്ടത് എന്ന് കരുതുന്നവരുണ്ട്. മറ്റൊന്ന് ഈ അവസരം ഉപയോഗിച്ച് രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി സമരം നടത്തുന്നവരുണ്ട്. രാഷ്ട്രീയ നേതൃത്വത്തിലുള്ള സമരം ഈ തെരഞ്ഞെടുപ്പ് കഴിയുന്നതുവരെ മിക്കവാറും കാണും. സംശയമുള്ള കാര്യങ്ങളും എന്റെ ഈ പ്രസ്താവന വഴി പരിഹരിക്കാൻ കഴിയും. അത് മനസ്സിലാക്കിക്കൊണ്ട് എല്ലാവരും സഹകരിച്ചാൽ നമുക്ക് നല്ല ഒരു അന്തരീക്ഷമുണ്ടാകും. ഇന്ന് നിലവിലിരിക്കുന്ന ആനുകൂല്യങ്ങൾക്ക് യാതൊരു കുറവും ഉണ്ടാവുകയില്ല എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: ഈ സബ്മിഷനിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ് ഇൻസിനുവേഷനും മറ്റു കാര്യങ്ങളുമൊന്നും പാടില്ല എന്ന്. കാഷ്വലായി മറുപടി പറയുന്ന കൂട്ടത്തിൽ ഇങ്ങനെയുള്ള റിമാർക്സ് വരുന്നത് നല്ല കാര്യമല്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് തന്നെ അറിയാം ഇപ്പോൾ അവിടെ രേണുകക്ഷിയാണ് സമരം നടത്തുന്നത്.

ശ്രീ. ബേബിജോൺ: സർ, ബഹുമാനപ്പെട്ട മെമ്പർ സമരത്തെപ്പറ്റി സൂചിപ്പിച്ചതുകൊണ്ട് ഞാൻ പറഞ്ഞതാണ്.

(4) നന്ദിയോട് വാട്ടർ സപ്ലൈ സ്കീം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു വാട്ടർ സപ്ലൈ സ്കീമാണ് ഇപ്പോൾ നന്ദിയോട് പഞ്ചായത്തിലുള്ളത്. എന്നാൽ ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി കാരണം എല്ലാ ഭാഗത്തും വെള്ളം എത്തിക്കാൻ കഴിയുന്നില്ല. വാട്ടർ ടാങ്കിനേക്കാൾ ഉയരത്തിലുള്ള പ്രദേശങ്ങളാണ് ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലുമുള്ളത്. ഒന്നോ രണ്ടോ മൂന്നോ പഞ്ചായത്തിലേക്ക് വെള്ളം കൊടുക്കാനുള്ള സോഴ്സും ഇന്ന് അവിടെയുണ്ട്. ആയതിനാൽ ഒരു ഓവർഹെഡ് ടാങ്ക് കൂടി കെട്ടി ഈ പ്രശ്നം പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ബുദ്ധിമുട്ട് ആ പ്രദേശത്തുണ്ട്. അതിന് പരിഹാരം കാണാനായി പരമാവധി 20 ലക്ഷം രൂപ മതിപ്പുചെലവ് വരുന്ന ഒരു പദ്ധതിക്ക് രൂപം നൽകി പരിശോധിച്ചു വരികയാണ്. അത് വളരെ വേഗം നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(5) പട്ടയം നൽകൽ

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ചാക്കയിൽ 1986-ൽ ഹൗസിംഗ് ബോർഡ് സ്ഥലമെടുത്തപ്പോൾ ഈ സ്ഥലം നഷ്ടപ്പെട്ട ആളുകൾക്ക് 153 പേർക്ക് പകരം ഭൂമിക്ക് പട്ടയം കൊടുത്തു. അവരിൽ പലരും വള്ളക്കടവ് പ്രിയദർശിനി നഗറിലുള്ളവരാണ്. ആ കൊടുത്ത പട്ടയമെല്ലാം മടക്കി വാങ്ങി. ഇപ്പോൾ അവിടെ 73 കുടുംബങ്ങൾക്ക് പട്ടയം കൊടുക്കാനുണ്ട്. ദീർഘകാലമായി അവിടെ താമസിക്കുന്ന ആളുകളാണിവർ. ഈ 73 കുടുംബങ്ങൾക്ക് പട്ടയം കൊടുക്കുന്നതിനും 153 കുടുംബങ്ങൾക്ക് പട്ടയം കൊടുത്തത് മടക്കി വാങ്ങിയതു തിരിച്ചു കൊടുക്കാനും നടപടി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

റവന്യൂവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ വള്ളക്കടവ് പ്രിയദർശിനി നഗറിൽ സ്ഥിരതാമസമാക്കിയിട്ടുള്ള 73 കുടുംബങ്ങളിൽ 5 കുടുംബങ്ങളൊഴിച്ച് ബാക്കിയുള്ളവർക്ക് പട്ടയം നൽകിയിട്ടുണ്ട്. 5 കുടുംബങ്ങൾക്ക് പട്ടയം നൽകാനുള്ള നടപടി തുടർന്നു വരുന്നു. ആ നടപടികളും പൂർത്തിയാകുന്ന മുറയ്ക്ക് അവർക്കും പട്ടയം നൽകുന്നതാണ്. സ്വീവേജ് ഫാമിന്റെ വടക്കേ മതിലിനു പുറത്ത് റോഡരികിലും കിഴക്കേ മതിലിനു പുറകിൽ ആറുവരമ്പിലുമായി 153 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പതിവിനു വിധേയമല്ലാത്ത സ്ഥലത്തായതിനാലാണ് അവരുടെ പട്ടയം മടക്കി വാങ്ങിയത്. ഇവരെ മുട്ടത്തറ വില്ലേജിൽ സർവ്വെ നമ്പർ 2615-ൽ പുനരധിവസിപ്പിക്കാനുള്ള നടപടി തുടരുകയാണ്. ഒരു സിവിൽ കേസ് നിലവിലുള്ളതുകൊണ്ടാണ് കാലതാമസമുണ്ടാകുന്നത്. ആ സിവിൽ കേസ് തീരുന്ന മുറയ്ക്ക് 153 കുടുംബങ്ങൾക്കും പട്ടയം നൽകുന്നതാണ്.

(6) മഞ്ചേശ്വരം 110 കെ. വി. സബ്സ്റ്റേഷന്റെ പണി

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, മഞ്ചേശ്വരത്ത് ഒരു 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കാൻ കഴിഞ്ഞ രണ്ടു വർഷമായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നതാണ്. അവിടെ സ്ഥലം ഏറ്റെടുപ്പ് നടപടി തുടർന്നുവരുന്നു എന്ന് ഇവിടെ പറയുന്നുണ്ട്. കഴിഞ്ഞ ഡിസംബർ മാസം മുതൽ ഈ സർക്കാർ സ്ഥലം കൈമാറുന്നത് സംബന്ധിച്ച ഫയൽ മന്ത്രിസഭയുടെ പരിഗണനയിലാണെന്നാണ് അറിയാൻ കഴിഞ്ഞത്. അടിയന്തിരമായി അവിടെ സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും 110 കെ. വി. സബ്സ്റ്റേഷൻ ഉടനെ സ്ഥാപിക്കുന്നതിനും ആവശ്യമായ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly